# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി III
## (SUBJECT COMMITTEE III)

## ജലവിഭവം
## (WATER RESOURCES)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
## മൂന്നാമത് റിപ്പോർട്ട്
## (2018 -2019)

## THIRD REPORT ON THE SCRUTINY OF DEMANDS FOR GRANTS
## (2018 -19)

2018 ഫെബ്രുവരി 26-ാം തീയതി സമർപ്പിച്ചത്
(Presented on 26th February, 2018)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം
2018

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2018

**പതിനാലാം കേരള നിയമസഭ**
(FOURTEENTH KERALA LEGISLATIVE ASSEMBLY)

**സബ്ജക്ട് കമ്മിറ്റി III**
**(SUBJECT COMMITTEE III)**

# ജലവിഭവം
# (WATER RESOURCES)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
മൂന്നാമത് റിപ്പോർട്ട്
(2018 -2019)

THIRD REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2018-2019)

261/2018.

# സബ്ജക്ട് കമ്മിറ്റി III
# (ജലവിഭവം)
# (2016 -2018)

ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. മാത്യു ടി. തോമസ്,

ജലവിഭവവകുപ്പ് മന്ത്രി

<u>അംഗങ്ങൾ</u> :

ശ്രീ. എ. എം. ആരിഫ്

ശ്രീ. വി.ടി. ബൽറാം

ശ്രീ. ജി.എസ്. ജയലാൽ

ശ്രീ. കെ. കൃഷ്ണൻകുട്ടി

ശ്രീ. കെ.ജെ. മാക്സി

ശ്രീ. മോൻസ് ജോസഫ്

ശ്രീ. എൻ.എ. നെല്ലിക്കുന്ന്

ശ്രീ. പി.ടി.എ. റഹീം

ശ്രീ. ഐ.ബി. സതീഷ്

ശ്രീ. പി.ടി. തോമസ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി

ശ്രീമതി എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ.കെ. വിജയകുമാർ അണ്ടർ സെക്രട്ടറി.

## അവതാരിക

2018-2019 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2018 ഫെബ്രുവരി 12, 16 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇതുസംബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശ രേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ XX | — | ശുദ്ധജല വിതരണവും ശുചീകരണവും |
| ധനാഭ്യർത്ഥന നമ്പർ XXIX | — | കൃഷി ( ചെറുകിട ജലസേചനം)<br>(2702, 2705, 4702, 4705, 6705<br>എന്നീ കണക്കിനങ്ങൾ മാത്രം) |
| ധനാഭ്യർത്ഥന നമ്പർ XXXVIII | — | ജലസേചനം |

ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും യോഗത്തിൽ സന്നിഹിതരായ ഉദ്യോഗസ്ഥരിൽനിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികപരവുമായ പരിമിതികൾക്ക് വിധേയമായി സമിതി രൂപം നൽകിയ നിർദ്ദേശങ്ങളും ശിപാർശകളുമാണ് റിപ്പോർട്ടിൽ ഉള്ളടക്കം ചെയ്തിരിക്കുന്നത്.

2018 ഫെബ്രുവരി 21-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

മാത്യൂ ടി. തോമസ്,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി III.*

തിരുവനന്തപുരം,
2018 ഫെബ്രുവരി 21.

## റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ - XX

## ശുദ്ധജല വിതരണവും ശുചീകരണവും

വോട്ട് ചെയ്യുത് - 1493,72,77,000 രൂപ

ചാർജ് ചെയ്യുത് - ഇല്ല

2215-ശുദ്ധജല വിതരണവും ശുചീകരണവും

2215-01-102-80—ശുദ്ധജല വിതരണവും ശുചീകരണവും-ശുദ്ധജല വിതരണം-ഗ്രാമീണ ജലവിതരണ പദ്ധതി പൊതുജന സഹായത്തോടുകൂടിയ ജലവിതരണ പദ്ധതിയ്ക്ക് സുസ്ഥിരത ഉറപ്പാക്കൽ

വിഹിതം : 10,00,00,000 രൂപ (പ്ലാൻ)

1. നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോജക്ട് (NRDWP)-യുടെ കേന്ദ്ര വിഹിതം ഗണ്യമായി വെട്ടിക്കുറച്ച സാഹചര്യത്തിൽ ഏറ്റെടുത്ത പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 40 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-190-99 (01)—ശുദ്ധജല വിതരണവും ശുചീകരണവും - ശുദ്ധജല വിതരണം പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം-കേരള ജല അതോറിറ്റിയ്ക്കുള്ള സഹായധനം-പര്യവേഷണവും സൂക്ഷ്മ പരിശോധനയും

വിഹിതം : 2,00,00,000 രൂപ (പ്ലാൻ)

2. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ പ്രദേശങ്ങളിലും കുടിവെള്ളം എത്തിക്കുകയാണ് കേരള വാട്ടർ അതോറിറ്റിയുടെ ലക്ഷ്യമെന്നും അതിനായി വിശദമായ സർവ്വേ നടത്തി കുടിവെള്ള പദ്ധതികൾക്കായുള്ള എഞ്ചിനീയറിംഗ് റിപ്പോർട്ടുകളുടെ ഒരു ശേഖരം തയ്യാറാക്കേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വിശദമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനും കുടിവെള്ള പദ്ധതികൾക്കായുള്ള എഞ്ചിനീയറിംഗ് റിപ്പോർട്ടുകളുടെ ഒരു ശേഖരം തയ്യാറാക്കുന്നതിനും സർവ്വേ പ്രവൃത്തികൾക്കായും ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-190-99(19)31—ശുദ്ധജല വിതരണവും ശുചീകരണവും-പര്യവേഷണവും സൂക്ഷ്മപരിശോധനയും-പൊതു മേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം-കേരള ജല അതോറിറ്റിക്കുള്ള സഹായധനം-സഹായധനം - ശമ്പളം

വിഹിതം : 175,33,82,000 രൂപ (നോൺ പ്ലാൻ)

3. കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും (ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്), ശമ്പളം, പെൻഷൻ, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ്ജ് എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ അടിയന്തര പ്രാധാന്യമുള്ള ചെലവുകൾ സമയബന്ധിതമായി നിറവേറ്റാൻ ഈ ശീർഷകത്തിൽ 213.99 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-190-99(19)36—ശുദ്ധജല വിതരണവും ശുചീകരണവും-പര്യവേഷണവും സൂക്ഷ്മപരിശോധനയും-പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം-കേരള ജല അതോറിറ്റിക്കുള്ള സഹായധനം-സഹായധനം - ശമ്പളേതരം

വിഹിതം : 122,96,97,000 രൂപ (നോൺ പ്ലാൻ)

4. കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും (ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്), ശമ്പളം, പെൻഷൻ, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ്ജ് എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ അടിയന്തര പ്രാധാന്യമുള്ള ചെലവുകൾ സമയബന്ധിതമായി നിറവേറ്റാൻ ഈ ശീർഷകത്തിൽ 150.08 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. 2215-01-190-92—ശുദ്ധജല വിതരണവും ശുചീകരണവും-പര്യവേഷണവും സൂക്ഷ്മ പരിശോധനയും-പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം-കേരള ജല അതോറിറ്റിയുടെ കീഴിൽ നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം

വിഹിതം : 5,00,00,000 രൂപ (പ്ലാൻ)

കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള ഓഫീസ് കെട്ടിടങ്ങൾ, ജലശുദ്ധീകരണ ശാലകൾ, പമ്പ് ഹൗസുകൾ, ജലസംഭരണികൾ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ വാർഷിക അറ്റകുറ്റപണികൾ ഫണ്ടിന്റെ അപര്യാപ്തതമൂലം മുടങ്ങിക്കിടക്കുന്നതിനാൽ കോടിക്കണക്കിന് രൂപയുടെ ആസ്തികൾ നശിക്കുകയാണെന്നും ജലശുദ്ധീകരണ ശാല, ജലസംഭരണികൾ എന്നിവയുടെ അറ്റകുറ്റപണികൾ മുടങ്ങുന്നത് ജലഗുണനിലവാരത്തെയും പൊതുജനാരോഗ്യത്തെയും ബാധിക്കുമെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കൃത്യമായ ഇടവേളകളിൽ പമ്പ് ഹൗസുകളിൽ അറ്റകുറ്റപണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-02-190-99(02)-31— ശുദ്ധജലവിതരണവും ശുചീകരണവും-മാലിന്യ നിവാരണവും ശുചീകരണവും-പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം-കേരള ജല അതോറിറ്റിക്കുള്ള സഹായധനം-സഹായധനം - ശമ്പളം

വിഹിതം : 17,40,52,000 രൂപ (നോൺ പ്ലാൻ)

6. കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും (ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്), ശമ്പളം, പെൻഷൻ, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ്ജ് എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ അടിയന്തര പ്രാധാന്യമുള്ള ചെലവുകൾ സമയബന്ധിതമായി നിറവേറ്റാൻ ഈ ശീർഷകത്തിൽ 21.24 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-02-190-99(02)-36—ശുദ്ധജലവിതരണവും ശുചീകരണവും -മാലിന്യ നിവാരണവും ശുചീകരണവും-പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം-കേരള ജല അതോറിറ്റിക്കുള്ളസഹായധനം-സഹായധനം - ശമ്പളേതരം

വിഹിതം : 12,09,07,000 രൂപ (നോൺ പ്ലാൻ)

7. കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും (ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്), ശമ്പളം, പെൻഷൻ, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ് എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ അടിയന്തര പ്രാധാന്യമുള്ള ചെലവുകൾ സമയബന്ധിതമായി നിറവേറ്റാൻ ഈ ശീർഷകത്തിൽ 14.75 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധന ചെലവ്

4215-01-101-96—ശുദ്ധജല വിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം-നഗര ജല വിതരണ പദ്ധതി-അരുവിക്കര പമ്പിംഗ് സ്റ്റേഷന്റെ നവീകരണം

വിഹിതം : 1,00,000 രൂപ (പ്ലാൻ)

8. പ്രധാന പമ്പിംഗ് സ്റ്റേഷനുകളിൽ ഒന്നായ അരുവിക്കരയിൽ ഉയർന്നശേഷിയുള്ള പമ്പ് സെറ്റുകൾക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.99 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215-01-102-95—ശുദ്ധജല വിതരണവും ശുചീകരണവും സംബന്ധിച്ച മൂലധന ചെലവ് - ശുദ്ധജല വിതരണം-ഗ്രാമീണ ജലവിതരണം-തുടർ പദ്ധതിയായ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണം

വിഹിതം : 100,00,00,000 രൂപ (പ്ലാൻ)

9. 2016-17 സാമ്പത്തിക വർഷാരംഭത്തിൽ കേന്ദ്ര സഹായത്തോടെയുള്ള ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട ചെറുതും വലുതുമായ പദ്ധതിയ്ക്കുള്ള കേന്ദ്ര വിഹിതത്തിലുണ്ടായ കുറവ് പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിച്ചതിനാൽ പൂർത്തിയാക്കിയ പ്രവൃത്തികളുടെ വകയിൽ കരാറുകാർക്ക് ഭീമമായ കുടിശ്ശിക വരുകയും പദ്ധതി നിർവ്വഹണം മുടങ്ങുന്ന സ്ഥിതി ഉണ്ടാകുകയും ചെയ്യുതായി സമിതി മനസിലാക്കുന്നു. ആയതിനാൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ നടന്നുവരുന്ന പദ്ധതികളുടെ കുടിശ്ശിക കൊടുത്തു തീർത്ത് പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 200 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215-01-190-97—ശുദ്ധജല വിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം-പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റുമുള്ള നിക്ഷേപം-ഉല്പാദനവും വിതരണവും മെച്ചപ്പെടുത്തൽ

വിഹിതം : 140,00,00,000 രൂപ (പ്ലാൻ)

10. കുടിവെള്ള വിതരണം മുടങ്ങാതെ നടത്തുന്നതിനാവശ്യമായ പ്രവൃത്തികളായ പഴയ ജല ശുദ്ധീകരണ ശാലകളുടെ സ്ഥാപിതശേഷി പൂർണ്ണതോതിൽ ഉപയോഗപ്പെടുത്തുന്നതിനും പഴയ പൈപ്പ്ലൈനുകൾ മാറ്റി ജലചോർച്ച ഒഴിവാക്കുന്നതിനും കാലഹരണപ്പെട്ട പമ്പുകളും മോട്ടോറുകളും മാറ്റുന്നതിനും സി.പി.എച്ച്.ഇ.ഇ.ഒ.യുടെ

നിർദ്ദേശാനുസരണം കുടിവെള്ളത്തിൽ കലങ്ങലിന്റെ പരിധി 1 എൻ.ടി.യു. ആയി മാറ്റുന്നതിനു വേണ്ടി ശുദ്ധീകരണ ശാലകളിലെ വിവിധ ഘടകങ്ങൾ പുതുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 60 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215-01-800-92—ശുദ്ധജലവിതരണവും ശുചീകരണവും-സംബന്ധിച്ച മൂലധന ചെലവ് - ശുദ്ധജലവിതരണം-മറ്റു ചെലവുകൾ - ജല സംരക്ഷണവും ഉറവിടം മെച്ചപ്പെടുത്തലും

വിഹിതം : 5,00,00,000 രൂപ (പ്ലാൻ)

11. വിവിധ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പു വരുത്തുന്നതിനായി ചെക്ക്ഡാമുകൾ പണിത് അവയുടെ സംഭരണശേഷി കൂട്ടുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ക്വാളിറ്റി കൺട്രോൾ

12. കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങളുടെ (ജലവിതരണ മേഖലയിലും ആസ്തി വികസനത്തിനും) ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ക്വാളിറ്റി കൺട്രോൾ ലാബുകളിൽ ജലഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നിലവിലുള്ള ലാബുകളുടെ അറ്റകുറ്റപ്പണികൾക്കും ലാബുകൾക്കായുള്ള കെട്ടിട നിർമ്മാണത്തിനും ഗുണനിലവാരം പരിശോധിക്കുന്നതിനായി തേർഡ് പാർട്ടി ഏജൻസിയെ ചുമതലപ്പെടുത്തുന്നതിനും പ്രാദേശികമായി മെറ്റീരിയൽ ടെസ്റ്റിംഗ് ലാബുകൾ സ്ഥാപിക്കുന്നതിനും പുതിയ ശീർഷകം അനുവദിച്ച് 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXIX (കൃഷി)

വോട്ട് ചെയ്യുന്നത് - 39,78,51,86,000 രൂപ

ചാർജ് ചെയ്യുന്നത് - 10,01,000 രൂപ

2702— ചെറുകിട ജലസേചനം

2702-01-800-94-02-05-34—ചെറുകിട ജലസേചനം-ഉപരിതല ജലം -മറ്റു ചെലവുകൾ - ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണം-വേതനം -ഓഫീസ് ചെലവ്-മറ്റ് ചെലവുകൾ.

വിഹിതം : 49,04,89,000 രൂപ (നോൺ പ്ലാൻ)

13. ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണത്തിനും നടത്തിപ്പിനുമായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ വൈദ്യുതിചാർജ് നൽകുന്നതിനായി 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2702-01-800-88-33—ചെറുകിട ജലസേചനം-ഉപരിതല ജലം-മറ്റു ചെലവുകൾ-പമ്പ് ഉപയോഗിച്ച് പുഞ്ചകൃഷിക്ക് വെള്ളം വറ്റിക്കുന്നതിനുള്ള സബ്സിഡി-സബ്സിഡികൾ

വിഹിതം : 5,50,00,000 രൂപ (നോൺ പ്ലാൻ)

14. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ ജില്ലകളിലെ പുഞ്ചകൃഷിക്കുവേണ്ടി പമ്പ് ഉപയോഗിച്ച് വെള്ളം വറ്റിക്കുന്നതിനുള്ള സബ്സിഡിയാണ് ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 4-5-2015-ലെ സ.ഉ.(എംഎസ്.) നമ്പർ 82/15 കൃഷി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ച പമ്പിംഗ് സബ്സിഡി കുടിശ്ശിക സഹിതം നൽകുന്നതിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2702-03-101-98-02-34—ചെറുകിട ജലസേചനം-സംരക്ഷണ പണികൾ-വാട്ടർ ടാങ്കുകൾ-സംരക്ഷണ പണികൾ-മറ്റുചെലവുകൾ-ചെറുകിട ജലസേചന പണികളുടെ കേടുപാടുപോക്കൽ-മറ്റുചെലവുകൾ

വിഹിതം : 3,50,00,000 രൂപ (പ്ലാൻ)

15. ഇറിഗേഷൻ പദ്ധതികളുടെ സുഗമമായ പ്രവർത്തനത്തിന് സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ചെറുകിട ജലസേചന പദ്ധതികളുടെ കേടുപാടു തീർക്കുന്നതിനുമായി തുക അനുവദിച്ച ഈ ശീർഷകത്തിൽ ഇറിഗേഷൻ പദ്ധതികളുടെ സുഗമമായ പ്രവർത്തനത്തിന് 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവ്

4702-00-101-99-01-02-03—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവുകൾ-ഉപരിതലജലം-ചെറുകിടജലസേചന ജോലികൾ-മരാമത്തുകൾ-എസ്റ്റാബ്ലിഷ്മെന്റ് ഷെയർ ഡെബിറ്റ്-പണിയായുധങ്ങളും യന്ത്രസാമഗ്രികളും.

വിഹിതം : 17,00,00,000 രൂപ (പ്ലാൻ)

16. ചെക്കഡാമുകൾ റെഗുലേറ്ററുകൾ, ബണ്ടുകൾ, ചെറിയ തോടുകൾ, ക്രോസ് ബാറുകൾ മുതലായവ നിർമ്മിച്ച് ജലസേചന സൗകര്യം ഒരുക്കുന്നതിന് ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-79—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് -ഉപരിതലജലം - ചെക്ക്ഡാമുകളും റെഗുലേറ്ററുകളും

വിഹിതം : ഇല്ല

17. സംസ്ഥാനത്ത് നിരവധി തടയണകൾ ഘട്ടംഘട്ടമായി നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-64—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-ഉപരിതലജലം- ടാങ്കുകളുടെയും കുളങ്ങളുടെയും . നവീകരണം-പ്രാദേശിക ജലസ്രോതസ്സുകളുടെ സംരക്ഷണം.

വിഹിതം : ഇല്ല

18. പ്രസ്തുത പദ്ധതിയ്ക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രാദേശിക ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-102-96—മീനച്ചിൽ നദീതട പദ്ധതി (പ്ലാൻ)

വിഹിതം : ഇല്ല

19. പ്രസ്തുത പദ്ധതിയ്ക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ മീനച്ചിൽ പദ്ധതിയിൽ വരുന്ന മിനി ഡാമുകളുടെ പ്രവൃത്തി ഏറ്റെടുക്കുന്നതിന് 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-68—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് -ഉപരിതലജലം - പ്രധാനമന്ത്രി കൃഷി സിൻചായി യോജന (60% കേന്ദ്രാവിഷ്കൃത പദ്ധതി)

വിഹിതം : 72,50,00,000 രൂപ

20. കേന്ദ്രാവിഷ്കൃത പദ്ധതിയായ PMKSY-യിൽ നോഡൽ ഏജൻസിയായ കൃഷി വകുപ്പ് മുഖേന സ്റ്റേറ്റ് ഇറിഗേഷൻ പ്ലാൻ സമർപ്പിച്ചിട്ടുള്ളതിനാൽ പ്രസ്തുത പദ്ധതിയുടെ ജലസേചന ഘടകങ്ങൾ പൂർത്തീകരിക്കുന്നതിന് സംസ്ഥാന വിഹിതമായി 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ—XXXVIII (ജലസേചനം)

വോട്ട് ചെയ്തത് - 841,44,49,000 രൂപ

ചാർജ് ചെയ്തത് - 7,66,37,000 രൂപ

2700—വൻകിട ജലസേചനം

2700-01—പെരിയാർ നദീതട പദ്ധതി (വാണിജ്യേതരം)

വിഹിതം : 30,64,84,000 രൂപ (നോൺ പ്ലാൻ)

21. പെരിയാർ നദീതട പദ്ധതിയുടെ ഡിവിഷൻ, സബ്ഡിവിഷൻ ഓഫീസുകളുടെയും എസ്റ്റാബ്ലിഷ്മെന്റ് ചെലവിനും നിർമ്മാണം പൂർത്തിയായ ഭാഗങ്ങളുടെ സംരക്ഷണ പണികൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിനും മറ്റു ചെലവുകൾക്കും ചാർജ്ഡ് ചെലവുകൾക്കുമായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ 750 കി.മീറ്റർ കനാലിന്റെ അറ്റകുറ്റപണികൾക്കായും തകർന്നു കിടക്കുന്ന പാലങ്ങളുടെ പുനരുദ്ധാരണത്തിനും കനാൽ സംരക്ഷണ പണികൾ ഏറ്റെടുത്ത് നടത്തുന്നതിനും 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-02—മലമ്പുഴ പദ്ധതി (വാണിജ്യപരം)

വിഹിതം : 18,63,67,000 രൂപ (നോൺ പ്ലാൻ)

22. മലമ്പുഴ പദ്ധതിയുടെ ഭരണ ചെലവുകൾക്കും സംരക്ഷണ പണികൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിനും മറ്റു ചെലവുകൾക്കും പലിശയ്ക്കും പെൻഷനും തോട്ടങ്ങളുടെ സംരക്ഷണ പണികൾക്കും ചാർജ്ഡ് ഇനത്തിനുമായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ വെള്ളക്കരം അടയ്ക്കുന്നതിനും വൈദ്യുതി ചെലവുകൾക്കും മറ്റ് ഓഫീസ് ചെലവുകൾക്കുമായി അധിക തുക ആവശ്യമായതിനാൽ 15 ലക്ഷം രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-11—നെയ്യാർ ജലസേചന പദ്ധതി (വാണിജ്യേതരം)

വിഹിതം : 4,60,02,000 രൂപ (നോൺ പ്ലാൻ)

23. നെയ്യാർ പദ്ധതിയുടെ സംരക്ഷണപണികൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെൻറ് ഇനത്തിനും തോട്ടങ്ങളുടെ സംരക്ഷണ പണികൾക്കും തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ ആവശ്യമായ സംരക്ഷണ പണികൾ ഏറ്റെടുത്ത് നടത്തുന്നതിന് 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-13 —കുറ്റ്യാടി പദ്ധതി (വാണിജ്യേതരം)

വിഹിതം : 7,77,66,000 രൂപ (നോൺ പ്ലാൻ)

24. ജലസേചന വകുപ്പിന്റെ ഓഫീസുകൾ പ്രവർത്തിക്കുന്ന കാവേരി ഹൗസിന്റെ സംരക്ഷണത്തിനും ഓഫീസ് ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-14 —വടക്കാഞ്ചേരി പദ്ധതി (വാണിജ്യേതരം)

വിഹിതം : 2,16,01,000 രൂപ (നോൺ പ്ലാൻ)

25. വടക്കാഞ്ചേരി പദ്ധതിയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെൻറ് ഇനത്തിനും തോട്ടങ്ങളുടെ സംരക്ഷണ പണികൾക്കുമായി അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതിയിലെ അറ്റകുറ്റപണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-16—പമ്പാ ജലസേചന പദ്ധതി (വാണിജ്യേതരം)

വിഹിതം : 9,60,54,000 രൂപ (നോൺ പ്ലാൻ)

26. പമ്പാ ജലസേചന പദ്ധതിയുടെ എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾക്കും സംരക്ഷണ പണികൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെൻറ് ഇനത്തിനും പമ്പാ നദീതട അതോറിറ്റി രൂപീകരിക്കുന്നതിനുമായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ കനാലുകളുടെ സംരക്ഷണ പണികൾ ഏറ്റെടുത്ത് നടത്തുന്നതിന് 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-18—കാഞ്ഞിരപ്പുഴ പദ്ധതി (വാണിജ്യേതരം)

വിഹിതം : 8,10,31,000 രൂപ (നോൺ പ്ലാൻ)

27. പദ്ധതിയുടെ ഭരണ ചെലവുകൾക്കും സംരക്ഷണ പണികൾക്കും വർക്ക് ചാർജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിനുമായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ ഓഫീസ് ചെലവുകൾക്കായി 3 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-25 —മൂലത്തറ ആർ.ബി. കനാൽ (വാണിജ്യേതരം)

വിഹിതം: 10,01,000 രൂപ (നോൺ പ്ലാൻ)

28. പദ്ധതിയിലെ കനാലുകളുടെ സംരക്ഷണ പണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായിധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-27—കല്ലട ജലസേചന പദ്ധതി (വാണിജ്യേതരം)

വിഹിതം : 29,76,46,000 രൂപ (നോൺ പ്ലാൻ)

29. കല്ലട ജലസേചന പദ്ധതിയുടെ ഭരണവും നടത്തിപ്പും ചെലവുകൾക്കായും സംരക്ഷണ പ്രവർത്തനങ്ങൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെൻറ് ഇനത്തിനു മായിട്ടാണ് തുക അനുവദിച്ചിട്ടുള്ളത്. കനാലുകളുടെ സംരക്ഷണ പണികൾക്ക് അധിക തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 3.5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-80-001-99—വൻകിട ജലസേചനം-ജനറൽ-ഭരണവും നടത്തിപ്പും-വിവര സാങ്കേതികവിദ്യ

വിഹിതം: 3,46,90,000 രൂപ (നോൺ പ്ലാൻ)

30. പ്രോജക്ട്സ് I ചീഫ് എഞ്ചിനീയർ ഓഫീസിലെ ശമ്പളത്തിനും മറ്റു അലവൻസുകൾക്കും ഭരണ ചെലവുകൾക്കുമായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ കമ്പ്യൂട്ടറുകളും അനുബന്ധ സാധനങ്ങളും വാങ്ങിക്കുന്നതിനും ഓഫീസ് ചെലവുകൾക്കുമായി 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-80-001-98—വൻകിട ജലസേചനം-ജനറൽ-ഭരണവും നടത്തിപ്പും-മേൽ നോട്ടവും

വിഹിതം : 7,74,16,000 രൂപ (നോൺ പ്ലാൻ)

31. പ്രോജക്ട് സർക്കിൾ പിറവം, പാലക്കാട്, കണ്ണൂർ എന്നീ ഓഫീസുകളുടെ ശമ്പളത്തിനും മറ്റു ചെലവുകൾക്കുമായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ കമ്പ്യൂട്ടർ അനുബന്ധ പ്രവൃത്തികൾക്കായും ഇന്ധനത്തിന്റെയും സാധന സാമഗ്രികളുടെയും വിലക്കയറ്റവും പരിഗണിച്ച് 6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-80-001-97—വൻകിട ജലസേചനം - ജനറൽ - ഭരണവും നടത്തിപ്പും-നടത്തിപ്പ്

വിഹിതം : 20,22,18,000 രൂപ (നോൺ പ്ലാൻ)

32. തൃശ്ശൂർ, ചിറ്റൂർ എന്നിവിടങ്ങളിലെ ഇറിഗേഷൻ ഡിവിഷൻ ഓഫീസുകളുടെയും അവയുടെ സബ്ഡിവിഷൻ ഓഫീസുകളുടെയും ശമ്പളം, അലവൻസ് എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാലും കമ്പ്യൂട്ടർ അനുബന്ധ പ്രവൃത്തികൾക്കായും ഇന്ധനത്തിന്റെയും സാധന സാമഗ്രികളുടെയും വിലക്കയറ്റവും പരിഗണിച്ച് ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701—ഇടത്തരം ജലസേചനം

2701-02 —ചാലക്കുടി നദി തിരിച്ചുവിടൽ പദ്ധതി (വാണിജ്യപരം)

വിഹിതം : 2,49,02,000 രൂപ (നോൺ പ്ലാൻ)

33. പ്രസ്തുത പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയുടെ സംരക്ഷണപണികൾക്ക് ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-03—ചീരക്കുഴി പദ്ധതി (വാണിജ്യപരം)

വിഹിതം : 1,92,02,000 രൂപ (നോൺ പ്ലാൻ)

34. നടപ്പ് സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ സംരക്ഷണ പണികൾക്കായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-11—പോത്തുണ്ടി പദ്ധതി (വാണിജ്യേതരം)

വിഹിതം : 1,62,02,000 രൂപ (നോൺ പ്ലാൻ)

35. പദ്ധതിയിലെ സംരക്ഷണ പ്രവർത്തനങ്ങൾക്കും വർക്ക് ചാർജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിനുമായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ വൈദ്യുതി ചെലവുകൾക്കായി 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-14—ചിമ്മിണി പദ്ധതി (വാണിജ്യേതരം)

വിഹിതം : 1,05,04,000 രൂപ (നോൺ പ്ലാൻ)

36. നടപ്പു സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയുടെ സംരക്ഷണ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-15-101-99-98-18—ഇടത്തരം ജലസേചനം-കുട്ടനാട് വികസനപദ്ധതി-സംരക്ഷണ പണികൾ-വർക്ക് ചാർജ്ഡ് എസ്റ്റാബ്ലിഷ്മെന്റ്-സംരക്ഷണ പണികൾ മറ്റു ചെലവുകൾ - സംരക്ഷണം

വിഹിതം : വോട്ട് ചെയ്തത് - 2,00,00,000 രൂപ (നോൺ പ്ലാൻ)

ചാർജ് ചെയ്തത് - 1,000 രൂപ (നോൺ പ്ലാൻ)

37. കുട്ടനാട് പാക്കേജ് നിർത്തുന്നതിനാൽ അവിടത്തെ പദ്ധതികളുടെ സംരക്ഷണത്തിനായി ഈ ശീർഷകത്തിൽ 13.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2701-16-101-99-98-18—ഇടത്തരം ജലസേചനം-കാട്ടാമ്പള്ളി പദ്ധതി-സംരക്ഷണ പണികൾ-വർക്ക് ചാർജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് -സംരക്ഷണ പണികൾ-മറ്റു ചെലവുകൾ - സംരക്ഷണം

വിഹിതം : 4,52,000 രൂപ (നോൺ പ്ലാൻ)

38. കാട്ടാമ്പള്ളി പദ്ധതിയുടെ പൂർത്തിയാക്കപ്പെട്ട സിവിലും മെക്കാനിക്കലും ആയിട്ടുള്ള പണികളുടെ സംരക്ഷണപണികൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയുമായി ബന്ധപ്പെട്ട താൽക്കാലിക ഷട്ടർ ഓപ്പറേറ്റർമാരുടെ വേതനം നൽകുന്നതിനായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2701-80-001-93(2)—ഇടത്തരം ജലസേചനം-ജനറൽ-ഭരണവും നടത്തിപ്പും-കാവേരി നദീതട പദ്ധതികൾ -നടത്തിപ്പ്

വിഹിതം : 6,17,72,000 രൂപ (നോൺ പ്ലാൻ)

39. കാവേരി തടത്തിലെ പ്രോജക്ടുകളുടെ നടത്തിപ്പിനും ഡിവിഷൻ ഓഫീസുകളുടെ ശമ്പളത്തിനും അലവൻസുകൾക്കുമായിട്ടാണ് തുക വകയിരുത്തിയിട്ടുള്ളത്. ഓഫീസ് ചെലവുകൾക്കായി അധിക തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-80-004-96—ഇടത്തരം ജലസേചനം-ജനറൽ-ഗവേഷണം ഗുണനിയന്ത്രണ യൂണിറ്റുകൾ

വിഹിതം : 12,14,26,000 രൂപ (നോൺ പ്ലാൻ)

40. പ്രസ്തുത ശീർഷകത്തിനായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ കമ്പ്യൂട്ടർ അനുബന്ധ പ്രവൃത്തികൾക്കായും ഇന്ധനത്തിന്റെയും സാധന സാമഗ്രികളുടെയും വിലക്കയറ്റവും പരിഗണിച്ച് 6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-80-005-93—ഇടത്തരം ജലസേചനം - ജനറൽ - സർവ്വേയും ഇൻവെസ്റ്റിഗേഷനും - മോഡണൈസേഷൻ ഓഫ് ഡിസൈൻ വിംഗ്

വിഹിതം: 1,50,00,000 രൂപ (പ്ലാൻ)

41. ഡിപ്പാർട്ട്മെന്റ് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി ലാബുകൾ നവീകരിക്കുന്നതിനും ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 95 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-80-800-97—ഇടത്തരം ജലസേചനം-ജനറൽ-മറ്റു ചെലവുകൾ-മറ്റ് ജലസേചന പണികളുടെ സംരക്ഷണ പണികളും അറ്റകുറ്റപണികളും

വിഹിതം : 2,50,00,000 രൂപ (നോൺ പ്ലാൻ)

42. പൂർത്തിയായ ജലസേചന പദ്ധതികളിൽ സംരക്ഷണ പണികൾക്ക് പ്രത്യേകമായി തുക വകകൊള്ളിച്ചിട്ടില്ലാത്തവയുടെ സംരക്ഷണ പണികൾക്കും തൃശ്ശൂർ

കോൾ നിലയങ്ങളിൽ ജലസേചന വികസന പ്രവർത്തനങ്ങൾക്കുമായിട്ടാണ് ഈ സാമ്പത്തിക വർഷത്തിൽ തുക അനുവദിച്ചിരിക്കുന്നതെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടതിനാൽ തൃശ്ശൂർ നിലയത്തിൽ ജലസേചന സ്കീമിലെ അറ്റകുറ്റപ്പണികൾക്കും ജലസേചന പദ്ധതികളുടെ ഷട്ടറുകളും മറ്റും പുനഃസ്ഥാപിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 7.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-80-800-94-04—ഇടത്തരം ജലസേചനം - ജനറൽ - മറ്റു ചെലവുകൾ -കാവേരി ഉൾപ്പെടെയുള്ള അന്തർ സംസ്ഥാന നദീജലം-യാത്രാ ചെലവുകൾ

വിഹിതം : 7,08,000 രൂപ (നോൺ പ്ലാൻ)

43. അന്തർസംസ്ഥാന ജല വിഷയവുമായി ബന്ധപ്പെട്ട നിരവധി കേസുകൾ ബഹു. സുപ്രീംകോടതിയിലും മറ്റു കോടതികളിലും ഉള്ളതിനാൽ പ്രസ്തുത കേസുകളുടെ നടത്തിപ്പിനും വിവിധ പഠനങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ഈ ശീർഷകത്തിൽ 7.92 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-80-800-94-05(3)—ഇടത്തരം ജലസേചനം - ജനറൽ - മറ്റു ചെലവുകൾ -കാവേരി ഉൾപ്പെടെയുള്ള അന്തർ സംസ്ഥാന നദീജലം-ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവുകൾ

വിഹിതം : 10,000 രൂപ (നോൺ പ്ലാൻ)

44. ചീഫ് എഞ്ചിനീയർ, ഐ.എസ്.ഡബ്ല്യുവിന്റെ കാര്യാലയത്തിലെയും ഡൽഹിയിലെ ജലസേചന വകുപ്പിന്റെ നോഡൽ ഓഫീസറുടെ കാര്യാലയത്തിലെയും ടെലിഫോൺ ബില്ലുകൾ അടയ്ക്കുന്നതിനായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 15,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-80-800-94-21-(2)—ഇടത്തരം ജലസേചനം - ജനറൽ - മറ്റു ചെലവുകൾ - കാവേരി ഉൾപ്പെടെയുള്ള അന്തർ സംസ്ഥാന നദീജലം - മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റ പണികളും.

വിഹിതം : 21,000 രൂപ (നോൺ പ്ലാൻ)

45. ഡൽഹിയിലെ ജലസേചന വകുപ്പിന്റെ നോഡൽ ഓഫീസറുടെ നിയന്ത്രണത്തിലുള്ള ഔദ്യോഗിക വാഹനത്തിന്റേയും, അന്തർ സംസ്ഥാന ജല ഉപദേശക സമിതി ചെയർമാന്റെ ഓഫീസിന്റെ നിയന്ത്രണത്തിലുള്ള ഔദ്യോഗിക

വാഹനത്തിന്റേയും ഇന്ധന ചെലവ് നിറവേറ്റാൻ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.79 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-80-800-94-34-(3)—ഇടത്തരം ജലസേചനം - ജനറൽ - മറ്റു ചെലവുകൾ - കാവേരി ഉൾപ്പെടെയുള്ള അന്തർ സംസ്ഥാന നദീജലം-മറ്റു ചെലവുകൾ - മറ്റിനം

വിഹിതം : 2,00,00,000 രൂപ (നോൺ പ്ലാൻ)

46. അന്തർ സംസ്ഥാന നദീജല വിഷയവുമായി ബന്ധപ്പെട്ട നിരവധി കേസുകൾ ബഹു. സുപ്രീം കോടതിയിലും മറ്റു കോടതികളിലും ഉള്ളതിനാൽ പ്രസ്തുത കേസുകളുടെ നടത്തിപ്പിനും വിവിധ പഠനങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-80-800-94-45—ഇടത്തരം ജലസേചനം-ജനറൽ-മറ്റുചെലവുകൾ-കാവേരി ഉൾപ്പെടെയുള്ള അന്തർ സംസ്ഥാന നദീജലം- പി.ഒ.എൽ.

വിഹിതം : 52,000 രൂപ (നോൺ പ്ലാൻ)

47. ഡൽഹിയിലെ ജലസേചന വകുപ്പിന്റെ നോഡൽ ഓഫീസറുടെ നിയന്ത്രണത്തിലുള്ള ഔദ്യോഗിക വാഹനത്തിന്റേയും, അന്തർ സംസ്ഥാന ജല ഉപദേശക സമിതി ചെയർമാന്റെ ഓഫീസിന്റെ നിയന്ത്രണത്തിലുള്ള ഔദ്യോഗിക വാഹനത്തിന്റേയും ഇന്ധന ചെലവ് നിറവേറ്റാൻ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 73,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2711—വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും

2711-01-103-98—വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും-വെള്ളപ്പൊക്കനിയന്ത്രണം-സിവിൽപണികൾ വെള്ളപ്പൊക്ക കെടുതികൾമൂലമുള്ള അറ്റകുറ്റപ്പണികൾ

വിഹിതം : വോട്ട് ചെയ്തത് - 11,00,00,000 രൂപ (നോൺ പ്ലാൻ)

ചാർജ് ചെയ്തത് - 1,000 രൂപ (നോൺ പ്ലാൻ)

48. വെള്ളപ്പൊക്കനിയന്ത്രണ പണികളുടെ പ്രത്യേകമായ സംരക്ഷണത്തിനും വെള്ളപ്പൊക്കംമൂലമുണ്ടാകുന്ന കെടുതികളുടെ അറ്റകുറ്റപ്പണികൾക്കും വേണ്ടിയുള്ള

ചെലവുകൾക്കായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ വെള്ളപ്പൊക്ക കെടുതികൾ പരിഹരിക്കുന്നതിനായി 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2711-01-103-99—വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും-വെള്ളപ്പൊക്ക നിയന്ത്രണം-സിവിൽപണികൾ വെള്ളപ്പൊക്ക നിയന്ത്രണ പണികൾ-സംരക്ഷണം

വിഹിതം : വോട്ട് ചെയ്തത് - 11,00,00,000 രൂപ (നോൺ പ്ലാൻ)

ചാർജ് ചെയ്തത് - 3,00,000 രൂപ (നോൺ പ്ലാൻ)

49. പ്രസ്തുത പദ്ധതിയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ വെള്ളപ്പൊക്ക നിയന്ത്രണപദ്ധതികൾക്കായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2711-02-103-99—വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും -കടലാക്രമണ നിരോധന പണികൾ-സിവിൽ പണികൾ-കടലാക്രമണ നിരോധന പണികൾ-സംരക്ഷണം

വിഹിതം : വോട്ട് ചെയ്തത് - 11,00,00,000 രൂപ (നോൺ പ്ലാൻ)

ചാർജ് ചെയ്തത് - 2,000 രൂപ (നോൺ പ്ലാൻ)

50. കടൽഭിത്തികൾ നേരിടുന്ന കെടുതികളുടെ സംരക്ഷണ പണികൾക്കും പ്രകൃതിക്ഷോഭത്തിൽനിന്ന് കടൽതീരത്തെ സംരക്ഷിക്കുന്നതിനുമുള്ള അടിയന്തര പണികൾക്കുമായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ കടൽഭിത്തിയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 9 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4700— വൻകിട ജലസേചനം സംബന്ധിച്ച മൂലധനചെലവ്

4700-20—ഇടമലയാർ പദ്ധതി (വാണിജ്യേതരം)

വിഹിതം : 13,50,00,000 രൂപ (പ്ലാൻ)

51. പദ്ധതിയിലെ കനാൽ നിർമ്മാണത്തിനും ബ്രാഞ്ചുകൾ, കനാലുകൾ, ഡിസ്ട്രിബ്യൂട്ടറി എന്നിവയ്ക്കുള്ള ഭൂമി ഏറ്റെടുക്കുന്നതിന് 15 കോടി രൂപയും ശമ്പളത്തിനും മറ്റു ചെലവുകൾക്കുമായി 12 കോടി രൂപയും ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700-22—മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)

വിഹിതം : 15,00,00,000 രൂപ (പ്ലാൻ)

52. മൂവാറ്റുപുഴ പദ്ധതി പൂർത്തീകരിക്കുന്നതിന് ആവശ്യമായ പദ്ധതി വർക്കുകൾ AIBP ഏറ്റെടുക്കുന്നതിനായി 50 കോടി രൂപയും ശമ്പളത്തിനും മറ്റു ചെലവുകൾക്കുമായി 15 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700-28—ബാണാസുര സാഗർ പദ്ധതി (വാണിജ്യേതരം)

വിഹിതം : 10,56,00,000 രൂപ (പ്ലാൻ)

53. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് തുക വകയിരുത്തിയിരിക്കുന്നത്. ശമ്പള ഇനത്തിൽ അധിക തുക ആവശ്യമായതിനാൽ ശമ്പളത്തിനും ഓഫീസ് ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700-80-800-92—വൻകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവ് - ജനറൽ - മറ്റു ചെലവുകൾ-വൻകിട ജലസേചന പദ്ധതികൾക്കുവേണ്ടി സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട നഷ്ടപരിഹാര തുക

വിഹിതം : 2,00,00,000 രൂപ (നോൺ പ്ലാൻ)

54. വൻകിട ജലസേചന പദ്ധതികൾക്കുവേണ്ടി സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട നഷ്ടപരിഹാരത്തുക നൽകുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ കോടതി കേസുകൾ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700-80-800-89—വൻകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവ് - ജനറൽ-മറ്റു ചെലവുകൾ-നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി

വിഹിതം : 5,00,00,000 രൂപ (നോൺ പ്ലാൻ)

55. നിയമസഭാ നിയോജകമണ്ഡലത്തിന്റെ ആസ്തി വികസന പദ്ധതിയിലെ ജോലികൾ ദ്രുതഗതിയിൽ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4701— ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധന ചെലവ്

4701-80-800-78—ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധന ചെലവ് -ജനറൽ - മറ്റു ചെലവുകൾ

വിഹിതം : 2,00,00,000 രൂപ (നോൺ പ്ലാൻ)

56. ഇടത്തരം ജലസേചന പദ്ധതികളിൽ മുൻഗണനാ പ്രവൃത്തികൾക്ക് തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ മുമ്പ് അനുവദിച്ച പ്രവൃത്തി പൂർത്തിയാക്കുന്നതിനും പുതിയ പ്രവൃത്തികൾ അനുവദിക്കുന്നതിനും ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4701-13—കബിനി - കാരാപ്പുഴ പദ്ധതി (വാണിജ്യേതരം)

വിഹിതം : 13,75,00,000 രൂപ (പ്ലാൻ)

57. മരാമത്തു പണികൾക്കായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ ശമ്പളത്തിനും മറ്റ് ഓഫീസ് ചെലവുകൾക്കുമായി 3.7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4701-18 —ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി (വാണിജ്യേതരം)

വിഹിതം : 48,00,00,000 രൂപ (പ്ലാൻ)

58. പദ്ധതിയുടെ പ്രവൃത്തികൾക്കായി ഈ സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ജീവനക്കാർക്ക് ശമ്പളവും മറ്റു ആനുകൂല്യങ്ങൾ നൽകുന്നതിനും മറ്റ് ഓഫീസ് ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4701-80-800-99—ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധന ചെലവ് - ജനറൽ - മറ്റു ചെലവുകൾ-കേരള എഞ്ചിനീയർ റിസർച്ച് സ്റ്റേഷൻ പീച്ചി സ്റ്റേജ് -2 ന്റെ വികസനം

വിഹിതം : 1,00,00,000 രൂപ (പ്ലാൻ)

59. ഐ.ഡി.ആർ.ബി. യുടെ കീഴിലുള്ള റിസർച്ച് വിഭാഗമായ കെ.ഇ.ആർ.ഐ. യുടെ വികസനം സാധ്യമാക്കുന്നതിലൂടെ ഡിപ്പാർട്ട്മെന്റിന്റെ പര്യവേഷണ പരിപാടികൾ, ജലസേചന നിർമ്മിതികളുടെ ഫിസിക്കൽ മോഡലിംഗ്, മാത്തമാറ്റിക്കൽ മോഡലിംഗ്, തീര സംരക്ഷണത്തിനുള്ള നൂതന മാർഗ്ഗങ്ങളുടെ ആവിഷ്കരണം, കനാലുകളുടെ ക്ഷമത വർദ്ധിപ്പിക്കുന്നതിനായി ജിയോ മെമ്പറൈൻ ഉപയോഗിച്ചുള്ള പ്രവൃത്തികൾ, റിസർവോയറുകളുടെ സംഭരണശേഷി നിലനിർത്തുന്നതിന് ആവശ്യമായ എക്കൽ

നീക്കുന്നതു സംബന്ധിച്ചുള്ള പഠനം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4701-80-800-88—ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധന ചെലവ് - ജനറൽ - മറ്റു ചെലവുകൾ - നദീതട സംഘടന രൂപീകരണം

വിഹിതം: 1,00,00,000 രൂപ (പ്ലാൻ)

60. വിവിധ ജലസ്രോതസ്സുകളിലെ ജലലഭ്യത കണക്കാക്കുന്നതിന് ഗേജിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4701-80-800-72—ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധന ചെലവ് - ജനറൽ - മറ്റു ചെലവുകൾ - വൻകിട പദ്ധതികളിൽ ഉൾപ്പെട്ട കാഡാ കനാലുകളിലെ ഫീൽഡ് ചാനലുകളുടെയും ഡ്രെയിനുകളുടെയും ആധുനികവൽക്കരണം

വിഹിതം : 9,00,00,000 രൂപ (പ്ലാൻ)

61. വൻകിട പദ്ധതികളിൽ ഉൾപ്പെട്ട കാഡാ കനാലുകളുടെയും ഡ്രെയിനുകളുടെയും ആധുനികവൽക്കരണത്തിനുമായിട്ടാണ് പ്രസ്തുത ശീർഷകത്തിൽ തുക വകയിരുത്തിയിരിക്കുന്നത്. പദ്ധതിയിലെ കനാൽ നവീകരണത്തിനായി അധിക തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 8 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4711—വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധന ച്ചെലവ്

4711-01-103-99—വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധന ച്ചെലവ് - വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ പണികൾ

വിഹിതം : ഇല്ല

62. തിരുവനന്തപുരം നഗരം ഒഴികെ സംസ്ഥാനത്തിലെ മറ്റു പ്രദേശങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികളുടെ ചെലവുകൾക്കായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4711-02-103-99-01-02-03—വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ് -കടലാക്രമണ നിരോധന പദ്ധതികൾ - സിവിൽ പണികൾ-മരാമത്ത് പണികൾ എസ്റ്റാബ്ലിഷ്മെന്റ് ഷെയർ ഡെബിറ്റ് യന്ത്രോപകരണങ്ങൾ.

വിഹിതം : 46,00,000 രൂപ (പ്ലാൻ)

63. കടലാക്രമണം സംഭവിക്കുന്ന സ്ഥലങ്ങളിൽ പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനും പഴയവ പുതുക്കിപ്പണിയുന്നതിനുമായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ കടൽ ഭിത്തിയുടെ നിർമ്മാണത്തിനും പുലിമുട്ട് നിർമ്മാണത്തിനുമായി ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4711-01-103-98—വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ് - വെള്ളപ്പൊക്ക നിയന്ത്രണം-തിരുവനന്തപുരം പട്ടണത്തിലെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ

വിഹിതം : ഇല്ല

64. തിരുവനന്തപുരം പട്ടണത്തിലെ വെള്ളപ്പൊക്ക നിയന്ത്രണ പണികൾക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4711-01-103-86—വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ് - വെള്ളപ്പൊക്ക നിയന്ത്രണം -സിവിൽ പണികൾ -പ്രധാനമന്ത്രി കൃഷി സിൻചായി യോജന കുട്ടനാട് വെള്ളപ്പൊക്ക നിയന്ത്രണം (50% കേന്ദ്രാവിഷ്കൃത പദ്ധതി)

വിഹിതം : 95,66,73,000 രൂപ (പ്ലാൻ)

65. പതിനൊന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ആരംഭിച്ച എഫ്.എം.പി. സ്കീമുകളായ KEL-I, KEL-II എന്നിവ അവസാനിച്ചുവെങ്കിലും മേൽ സ്കീമിലെ നിർമ്മാണ പ്രവൃത്തികളുടെ ഫൈനൽ ബിൽ തുകകൾ കൊടുത്തു തീർക്കുന്നതിനും പൂർണ്ണാവസ്ഥയിലായ KEL-III സ്കീമിലെ ഇനിയും തീർക്കേണ്ട പദ്ധതികൾക്കായും KEL-IV-ലെ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾക്കായും ഈ ശീർഷകത്തിൽ 28.27 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

മാത്യു ടി. തോമസ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി III.*

തിരുവനന്തപുരം,
2018 ഫെബ്രുവരി 21.

©
കേരള നിയമസഭാ സെക്രട്ടറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.